(ഡി)	ഇന്ധനം	- 16.83 കോടി രൂപ
	സ്പെയർ പാർട്സ്	- 1.27 കോടി രൂപ
	ടയർ	- 88 ലക്ഷം രൂപ
	പഴയ ടയർ നന്നാക്കിയ വകയിൽ	- 17 ലക്ഷം രൂപ.

കെ. എസ്. ആർ. ടി. സി. യുടെ ലാഭനഷ്ടങ്ങൾ

110 (795) ശ്രീ. എം. മുരളി :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും കെ. എസ്. ആർ. ടി. സി. യുടെ ലാഭ നഷ്ടങ്ങൾ എത്രവീതമായിരുന്നു ;

(ബി) കെ. എസ്. ആർ. ടി. സി. ലാഭത്തിൽ നടത്താൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) ഇതിന്റെ ഫലമായി ഉണ്ടായ ലാഭം എത്ര എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും കെ. എസ്. ആർ. ടി. സി. യുടെ ലാഭനഷ്ടങ്ങൾ ചുവടെ വിവരിക്കുന്നു.

1. 1996-97 നഷ്ടം 28.02 കോടി രൂപ.

2. 1997-98 നഷ്ടം 50.99 കോടി രൂപ. (എ. ജി. യുടെ ഓഡിറ്റിംഗിന് വിധേയം)

3. 1998-99 നഷ്ടം 72. 35 കോടി രൂപ.

4. 1999-2000 നഷ്ടം 82.18 കോടി രൂപ ആണെന്ന് കണക്കാക്കിയിരിക്കുന്നു. (കെ. എസ്. ആർ. ടി. സി. ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തിനും എ. ജി. യുടെ ആഡിറ്റിനും വിധേയം)

5. 2000-2001 കണക്ക് പൂർത്തീകരിച്ചിട്ടില്ല.

(ബി) ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് വാങ്ങിയ ബസുകൾ ദീർഘദൂര റൂട്ടുകളിലും, ലാഭകരമായ മറ്റു റൂട്ടുകളിലും ഓടിച്ചു തുടങ്ങി. ജീവനക്കാരുടെ കുറവുമൂലം സർവീസ് റദ്ദാക്കൽ ഒഴിവാക്കാനായി പി. എസ്. സി. മുഖേന ഡ്രൈവർമാരെ നിയമിച്ചു. കണ്ടക്ടർമാരുടെ ലിസ്റ്റ് കിട്ടുന്ന മുറയ്ക്ക് അവരുടെ ഒഴിവുകളും നികത്തുന്നതാണ്. ലാഭകരമല്ലാത്ത സർവ്വീസുകൾ കണ്ടെത്തുകയും സമയം പുനർക്രമീകരിച്ച് അവ ലാഭകരമായി ഓടിക്കാനുള്ള നിർദ്ദേശം യൂണിറ്റാഫീസർമാർക്ക് നൽകി കഴിഞ്ഞു. ബസിന്റെ കുറവുള്ള യൂണിറ്റുകളിൽ ലഭ്യത അനുസരിച്ച് പുതിയ ബസുകൾ നൽകിയിട്ടുണ്ട്. വാഹനാപകടം മൂലം ഉണ്ടാകുന്ന ഭീമമായ തുക കോർപ്പറേഷൻ നഷ്ടപരിഹാരം നൽകുന്നതൊഴിവാക്കാനായി ഫാസ്റ്റ് പാസഞ്ചർ ഉൾപ്പെടെയുള്ള സൂപ്പീരിയർ

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ് സർവ്വീസുകൾ ഇൻഷർ ചെയ്തിട്ടുണ്ട്. ഇടുക്കി മലബാർ മേഖലകളിൽ പുതിയ റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ ടൗൺ-ടു-ടൗൺ സർവീസുകൾ തുടങ്ങിയിട്ടുണ്ട്. റിസർവേഷൻ സൗകര്യങ്ങൾ വ്യാപകമാക്കുകയും സർവ്വീസ് ചെക്കിംഗ് കാര്യക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. വരുമാനം വർദ്ധിപ്പിക്കാനായി ജീവനക്കാർക്കുള്ള ഇൻസന്റീവ് സ്കീം നടപ്പാക്കിക്കഴിഞ്ഞു.

(സി) തിട്ടപ്പെടുത്തിയിട്ടില്ല.

കെ. എസ്. ആർ. ടി. സി ബസ് അപകടത്തിൽപ്പെട്ടവർക്ക് കോമ്പൻസേഷൻ

111 (797) ശ്രീ. വി. ജെ. പൗലോസ് :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ് അപകടങ്ങളിൽപ്പെട്ടവർക്ക് കോമ്പൻസേഷൻ നൽകുവാൻ കെ. എസ്. ആർ. ടി. സി. പ്രതിമാസം എന്തു തുക വീതം ശരാശരി നൽകുന്നുണ്ട് ;

(ബി) 31-1-2001-ലെ കണക്കനുസരിച്ച് വിവിധ കോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ അവാർഡ് ചെയ്ത എന്തു തുക കെ. എസ്. ആർ. ടി. സി കൊടുത്തു തീർക്കുവാനുണ്ട് ;

(സി) പ്രസ്തുത തീയതിയിലെ കണക്കനുസരിച്ച് ആ തീയതിയിൽ കെ. എസ്. ആർ. ടി. സി. ബസ് അപകടംമൂലമുള്ള കോമ്പൻസേഷൻ ആവശ്യപ്പെട്ടുകൊണ്ട് എത്ര കേസുകൾ വിവിധ കോടതികളിൽ കിടപ്പുണ്ട് ;

(ഡി) ഈ കേസുകളിൽ കക്ഷികൾ ആവശ്യപ്പെട്ടിട്ടുള്ള നഷ്ടപരിഹാരം എത്രയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശരാശരി 70 ലക്ഷം രൂപ പ്രതിമാസം കൊടുത്തുവരുന്നു.

(ബി) 8,36,22,579 രൂപ.

(സി) 24,490 കേസുകൾ.

(ഡി) 127.14 കോടി രൂപ.

പുതിയ ബസ് സർവ്വീസുകൾ

112 (798) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നേമം നിയോജകമണ്ഡലത്തിൽ പുതിയ എത്ര ബസ് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly